LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : കുറ്റപത്രം തയ്യാറാക്കുന്നതുകൊണ്ട് പ്രചരണം കിട്ടുമെന്നുള്ളതല്ലാതെ കാര്യങ്ങൾ ഒന്നും നടക്കുകയില്ല. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സ്പിരിറ്റിനോട് യോജിക്കുന്നു. കുറ്റപത്രം തയ്യാറാക്കുന്നതിലും അധികം ഗുരുതരമാണ് ഇപ്പോഴത്തെ സ്ഥിതിവിശേഷം.

ശ്രീ. ജി. സുധാകരൻ : ഗാട്ട് കരാർ അനുസരിച്ചുള്ള താരിഫുകൾ കേന്ദ്ര ഗവൺമെന്റുകൾ ഏർപ്പെടുത്താത്തതുമൂലമാണ് നമ്മുടെ കാർഷിക വിളകൾക്ക് ഇത്രയും വിലയിടിവുണ്ടായിട്ടുള്ളതെന്ന കാര്യം സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതനുസരിച്ചുള്ള താരിഫ് ഏർപ്പെടുത്തുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ?

ശ്രീ. ടി. ശിവദാസമേനോൻ : ഗാട്ട് കരാറിലെ വ്യവസ്ഥകളിലൊന്നായിട്ടുള്ള Intellectual Property Right പ്രകാരമാണ് താരിഫ് നിശ്ചയിക്കേണ്ടത്. നിശ്ചയമായും ഗവൺമെന്റ് ഇക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. ടി. കെ. ബാലൻ : സാമ്പത്തിക പ്രതിസന്ധിയുടെ ഫലമായി ഒറീസ്സയിലെ ട്രാൻസ്പോർട്ട് ജീവനക്കാർക്ക് ശമ്പളം നൽകാത്തതിന്റെ ഫലമായി അവർ ദിവസമുള്ള കളക്ഷൻ വീതിച്ചെടുക്കുന്ന ഒരു സ്ഥിതിയുണ്ടെന്ന് പറയുന്നു. ഇതുസംബന്ധിച്ച് ഗവൺമെന്റിന് എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ ?

ശ്രീ. ടി. ശിവദാസമേനോൻ : മറ്റൊരു സ്റ്റേറ്റിനെപ്പറ്റിയുള്ള വിവരങ്ങൾ അസംബ്ലിയിൽ ഞാൻ വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. ഏകദേശം ഏഴോളം സംസ്ഥാനങ്ങളിൽ ജീവനക്കാർക്ക് മാസങ്ങളായി ശമ്പളം കൊടുക്കുന്നില്ല. രസകരമായ ഒരു കാർട്ടൂണോടുകൂടി 18-1-2001- ലെ ടൈംസ് ഓഫ് ഇൻഡ്യയിൽ മഹാരാഷ്ട്രയിലെ കാര്യം പറഞ്ഞിട്ടുണ്ട്. അവിടെ ഓരോ മാസം ഓരോ ജില്ലയിൽ ശമ്പളം കൊടുക്കുന്ന സ്ഥിതിയാണെന്ന് ആ പത്രത്തിൽ പറയുന്നു. ആ വിധത്തിൽ പല സംസ്ഥാനങ്ങളും സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും ഉത്തരങ്ങളും

ഗ്രൂപ്പ് ഫാമിംഗ് പദ്ധതി

4 (*212) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള ഗ്രൂപ്പ് ഫാമിംഗ് പദ്ധതി കൂടുതൽ ഊർജ്ജസ്വലമാക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) ഇതിനായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് ഗ്രൂപ്പ് ഫാമിംഗ് നടപ്പാക്കുന്ന കർഷകർക്ക് അധിക സാമ്പത്തിക സഹായം നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) കർഷകർക്ക് നൽകാനുദ്ദേശിക്കുന്ന അധിക സാമ്പത്തിക സഹായ പദ്ധതിക്ക് എന്തെങ്കിലും മാനദണ്ഡം സ്വീകരിച്ചിട്ടുണ്ടോ ; പ്രസ്തുത തുക എപ്രകാരം ഉപയോഗിക്കുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) ഗ്രൂപ്പ് ഫാമിംഗ് നടപ്പാക്കുന്ന കർഷകർക്ക് ഇപ്പോൾ എന്തു തുകയുടെ സാമ്പത്തിക സഹായമാണ് ആകെ നൽകി വരുന്നതെന്ന് വെളിപ്പെടുത്താമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഗ്രൂപ്പ് ഫാമിംഗ് പദ്ധതി കൂടുതൽ ഊർജ്ജസ്വലമായി ഇപ്പോൾ നടപ്പാക്കി വരുകയാണ്.

(ബി) മുൻ ഗവൺമെന്റ് നടപ്പാക്കാതിരുന്ന ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പുനർജീവിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രൂപ്പ് ഫാമിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ 1000 ലക്ഷം രൂപയും കേന്ദ്ര പദ്ധതി പ്രകാരം 1487.5 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്.

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 250 രൂപയായിരുന്ന ഉല്പാദന ബോണസ്സ് 350 രൂപയായി വർദ്ധിപ്പിച്ചു. ഇതിനു പുറമേ ഇപ്പോൾ ഹെക്ടറിന് 1050 രൂപ നിരക്കിൽ ഉല്പാദന സഹായം നൽകുകയും ചെയ്യുന്നു. ഇതുകൂടാതെ നെൽകൃഷി പുതിയ സ്ഥലങ്ങളിലേയ്ക്കു വ്യാപിപ്പിക്കുന്നവർക്ക് ഹെക്ടറിനു 1000 രൂപ നിരക്കിൽ അധിക സാമ്പത്തിക സഹായം നൽകുന്നു.

(ഡി) കൃഷി ചെയ്യുന്ന ഓരോ ഹെക്ടറിനുമാണ് മേൽപ്പറഞ്ഞ സഹായം നൽകുന്നത്. ഇതു എല്ലാ കർഷകർക്കും ലഭ്യമാണ്. ഉൽപ്പാദനോപാധികൾക്കുള്ള സഹായമായിട്ടാണ് ഈ തുക നൽകുന്നത്.

(ഇ) ഉത്തരം 'സി' യിൽ വ്യക്തമാക്കിയിട്ടുണ്ട്.

കൃഷിക്ക് ഉപയോഗിക്കുന്ന വൈദ്യുതിക്ക് സബ്സിഡി

5 (*213) ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ കൃഷിക്ക് ഉപയോഗിക്കുന്ന വൈദ്യുതിക്ക് സബ്സിഡിയോ മറ്റെന്തെങ്കിലും ആനുകൂല്യമോ നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അക്കാര്യം വിശദീകരിക്കാമോ ;

(സി) കാർഷികാവശ്യങ്ങൾക്ക് കർഷകർക്ക് നൽകിവരുന്ന വൈദ്യുതി സബ്സിഡി പിൻവലിക്കുമെന്ന് സംസ്ഥാന ഗവൺമെന്റ് ലോക ബാങ്കിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly